പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5864 — 09/07/2012 ൽ മറുപടിയ്ക്ക്

**കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ മാഞ്ഞൂർ വില്ലേജിൽ പ്രഭ കെ. ടി. സമർപ്പിച്ച അപേക്ഷ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ: | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റീസർവ്വേ അദാലത്തുകൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; പൂർത്തിയായിട്ടില്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) 31/05/2010 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 200/10/റവന്യൂ പ്രകാരം റീസർവ്വേ പൂർത്തിയായ എല്ലാ വില്ലേജുകളുടെയും ഭൂപരാതികൾ റവന്യൂ വകുപ്പു മുഖാന്തിരം തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട താലൂക്ക് അഡീഷണൽ തഹസീൽദാർമാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. താലൂക്കാഫീസുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന ഭൂപരാതികളുടെ സർവ്വേ ജോലികൾ വരുന്ന 6 മാസത്തിനുള്ളിൽ തീർപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സർക്കാർ പുറമ്പോക്കുകൾ മാത്രം റീസർവ്വേ നടത്തി റീ സർവ്വേ റിക്കാർഡുകൾ തയ്യാറാക്കിയാൽമതി എന്ന തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത്തരം തീരുമാനം കൈക്കൊണ്ടതെന്ന് അറിയിക്കുമോ; | (ബി) സർക്കാർ പുറമ്പോക്ക് മാത്രം റീസർവ്വേ നടത്തിയാൽ മതിയെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) ഇതുമൂലം കാലഹരണപ്പെട്ട റവന്യൂ രേഖകൾ പുതുക്കിയും കുറ്റമറ്റ സ്കെച്ചും റവന്യൂരേഖകളും തയ്യാറാക്കിയും റവന്യൂ സംബന്ധമായി ജനങ്ങൾക്ക് കിട്ടേണ്ട സേവനം കാലവിളംബം കൂടാതെ ലഭിക്കുന്നതിനും ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുവാനും കഴിയില്ല എന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനം പുന:പരിശോധിക്കുമോ; | (സി) ചോദ്യം ഉദിക്കുന്നില്ല. |

(ഡി) കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ മാഞ്ഞൂർ വില്ലേജിൽ പ്രഭ.കെ. ടി, കളത്തൂർ കണ്ടത്തിൽ, മാഞ്ഞൂർ സൗത്ത് എന്നയാൾ പ്രസ്തുത വില്ലേജിലെ സർവ്വേ 298/10 ൽ 10 സെന്റ് സ്ഥലം റീസർവ്വെ ചെയ്തുകിട്ടുന്നതിന് 21-7-2011 ൽ സമർപ്പിച്ച അപേക്ഷയിൽ കൈക്കൊണ്ട നടപടി എന്താണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എത്രയുംവേഗം നടപടി സ്വീകരിക്കുമോ?

(ഡി) വൈക്കം , താലൂക്ക് മാഞ്ഞൂർ വില്ലേജിൽ പ്രഭ.കെ.ടി സമർപ്പിച്ച അപേക്ഷയിന്മേൽ ഫീൽഡ് പരിശോധന പൂർത്തിയാക്കി 27/06/2012-ാം തീയതി കോട്ടയം ജില്ലാ സർവ്വേ സൂപ്രണ്ടാഫീസിൽ ഫയൽ ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ